(ഡി) ചോദ്യം ഉദിക്കുന്നില്ല.

108 (1468) റേഷൻകടകളിലൂടെ പലവ്യഞ്ജനങ്ങൾ

ശ്രീ. എം. ദാസൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻകടകളിൽക്കൂടി ഇപ്പോൾ ഏതെല്ലാം സാധനങ്ങളാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻഷോപ്പിലൂടെ പലവ്യഞ്ജനങ്ങൾ വിൽക്കാനുള്ള സർക്കാരിന്റെ പദ്ധതി എത്ര റേഷൻഷോപ്പിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ വർഷം ഇതിനായി സർക്കാർ എത്ര തുക ചെലവാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിയുടെ വിപുലീകരണത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) റേഷൻഷോപ്പ് ഉടമകളുടെ നിസ്സഹകരണം ഇക്കാര്യത്തിലുണ്ടോ എന്നു വ്യക്തമാക്കുമോ; എങ്കിൽ ഇതൊഴിവാക്കി പല വ്യഞ്ജന വിതരണം വിപുലീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ, പി.ഡി.എസ്. ആട്ട എന്നിവയാണ് ഇപ്പോൾ സംസ്ഥാനത്തെ റേഷൻകടകളിലൂടെ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. കൂടാതെ തെരഞ്ഞെടുത്ത റേഷൻകടകളിലൂടെ താഴെ പറയുന്ന നിത്യോപയോഗ സാധനങ്ങളും വിതരണം നടത്തുന്നുണ്ട്.

1. ചെറുപയർ
2. ഉഴുന്ന് (തൊലി കളഞ്ഞത്)
3. ഉഴുന്ന് (പിളർന്നത്)
4. വൻകടല
5. ചെറുകടല
6. വൻപയർ
7. തുവരപ്പരിപ്പ്
8. പീസ്പരിപ്പ്
9. വറ്റൽ മുളക്
10. മല്ലി
11. ജീരകം

LIBRARY ARCHIVES Kerala Legislative Assembly

12. കടുക്

13. മഞ്ഞൾ

14. ഉലുവ

ഇതിനുപുറമേ ശബരി തേയിലയും സിവിൽ സപ്ലൈസ് കോർപ്പറേഷൻ സൂപ്പർമാർക്കറ്റുകളിൽ വിൽപ്പന നടത്തുന്ന വിവിധയിനം ഉപഭോക്തൃ വസ്തുക്കളും റേഷൻകടകളിലൂടെ വിതരണത്തിന് ലഭ്യമാണ്.

(ബി) ഈ പദ്ധതിപ്രകാരം രണ്ടായിരത്തിലേറെ റേഷൻകടകൾവഴി പലവ്യഞ്ജനങ്ങൾ വിതരണം നടത്തുന്നുണ്ട്. കൃത്യമായ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിനു മാത്രമായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. സിവിൽ സപ്ലൈസ് കോർപ്പറേഷന് സർക്കാർ ഓരോ വർഷവും അനുവദിക്കുന്ന ഗ്രാന്റിൽ നിന്നാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള തുക വിനിയോഗിക്കുന്നത്. ഈയിനത്തിൽ ഈ വർഷം ഏറ്റെടുക്കേണ്ടിവരുന്ന ബാധ്യത കൃത്യമായി കണക്കാക്കിയിട്ടില്ല.

(ഡി) ഈ പദ്ധതി വിപുലീകരിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട റേഷൻകടകളുടെ എണ്ണം 3000 ആയി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

(ഇ) ഈ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ ഡിപ്പോകളിലും ആവശ്യാനുസരണമുള്ള അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അവശ്യസാധനങ്ങൾ റേഷൻ ഷോപ്പുടമകൾ ഡിപ്പോയിൽനിന്നും എടുക്കുമ്പോൾ വാഹനത്തിൽ കയറ്റുന്നതിനുള്ള കയറ്റുകൂലി സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഹിക്കുന്നുണ്ട്.

109 (1469) റേഷൻ വിതരണം

ശ്രീ. പി. രാജു :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് റേഷൻകടകൾവഴി ഇപ്പോൾ എന്തെല്ലാം സാധനങ്ങൾ എത്ര അളവിൽ വിതരണം ചെയ്തുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്ക് റേഷൻകടകൾവഴി എന്തെല്ലാം സാധനങ്ങൾ എത്ര വിലയ്ക്ക് വീതം നൽകിവരുന്നുണ്ടെന്ന് വിശദമാക്കുമോ;

(സി) മുൻകാലങ്ങളെ അപേക്ഷിച്ച് റേഷൻ ഉപഭോഗം സംസ്ഥാനത്ത് വർദ്ധിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇപ്പോൾ പ്രതിമാസം ശരാശരി എത്ര ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾവഴി വിതരണം ചെയ്തുവരുന്നുണ്ട്; ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് എത്ര കൂടുതലാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly